

REV DN ROBIN KARAKKATTU


# EMMAUS VACHANADOOTH

VOLUME 3 ISSUE 28 JANUARY 06, 2013


**ദനഹാ തിരുനാൾ**

# രഹസ്യജീവിതം പരസ്യമായപ്പോൾ

പൗരസ്ത്യസഭയിൽ ഏറ്റവും പ്രാധാന്യമുള്ള തിരുനാളിലൊന്നാണ് പിണ്ടികുത്തിപ്പെരുന്നാളെന്നും, തക്കാളിപ്പെരുന്നാളെന്നും വിശേഷണമുള്ള ദനഹാതിരുനാൾ.

'ദനഹാ' എന്ന വാക്കിന്റെ അർത്ഥം. പ്രത്യക്ഷീകരണം, ആവിഷ്ക്കാരം, വെളിപ്പാട് എന്നെല്ലാമാണ്.

സ്നേഹമുള്ളവരേ,

**ക്രിസ്തു ലോകത്തിനു തന്നെ വെളിപ്പെടുത്തിയ ദിനമാണ് ദനഹാ.**

**പുത്രന്റെ വെളിപ്പെടുത്തലിന് പിതാവും, പരിശുദ്ധാത്മാവും സാക്ഷ്യമേകിയ ദിവസമാണ് ദനഹാ.**

ഓരോ ദനഹാതിരുന്നാളിലും ക്രിസ്തുവിന്റെ മാമ്മോദീസായെ അനുസ്മരിച്ച്, തലേരാത്രി തണുത്ത വെള്ളത്തിൽ മുങ്ങിപൊങ്ങിയ കുളിരുന്ന ഓർമ്മയുണ്ട്.

വാഴപിണ്ടിയിൽ പന്തം കൊളുത്തി 'പ്രകാശമേ വഴിതെളിക്കുക' എന്നു പാടി അതിനു ചുറ്റും പ്രദിക്ഷിണം വച്ചതിന്റെ അനുസ്മരണമുണ്ട്.

സ്വർഗം തുറക്കപ്പെട്ടതു മുതൽ, സ്വർഗത്തിൽ നിന്നും സ്വരം കേട്ടതു മുതൽ രഹസ്യജീവിതത്തിലായിരുന്ന ക്രിസ്തുവിനെ പരസ്യമായി ലോകം ശ്രദ്ധിക്കാൻ തുടങ്ങി. വാക്കുകളെ ശ്രവിക്കാനും വഴികളെ ആരാധിക്കാനും തുടങ്ങി.

ക്രിസ്തു മാമ്മോദീസാ സ്വീകരിക്കാനായ് യോഹന്നാന്റെ അടുക്കലേയ്ക്ക് വരുകയാണ്. മത്തായിയുടെ സുവിശേഷത്തിൽ 3–ാം അദ്ധ്യായം 13–ാം വാക്യത്തിൽ നാം വായിക്കുന്നു. " യേശു യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിക്കാൻ ഗലീലയിൽ നിന്നും ജോർദ്ദാനിൽ അവന്റെ അടുത്തു വന്നു"

ക്രിസ്തുവിനറിയാം പ്രത്യക്ഷീകരണത്തിന്റെ പൂർണ്ണത കാൽവരിയിലാണെന്ന്.



പ്രത്യക്ഷീകരണത്തിന്റെ അവസാനം വേദനയിലാണെന്ന്. എങ്കിലും ക്രിസ്തു ദൈവഹിതത്തിന് സ്വയം വിധേയനാവുകയാണ്.

മരണത്തിലേയ്ക്ക്, കാൽവരിയിലേയ്ക്ക് ആദ്യ ചുവടുവെയ്ക്കുകയാണ്.

സ്നേഹമുള്ളവരെ പുതുവർഷം നമ്മുടെ മുൻപിൽ പുതിയ ചിന്തകളും, പുതിയ തീരുമാനങ്ങളുമായി ജീവിതത്തെ സമീപിക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന സമയമാണിത്.. ദനഹാതിരുന്നാളാകട്ടെ മാമ്മോദീസാ വെള്ളം തലയിൽ വീണ ഓരോ ക്രൈസ്തവനെയും പുതിയൊരു ദൗത്യം ഏൽപ്പിക്കുകയാണ്.

പുത്രനിലൂടെ വെളിപ്പെട്ട പിതാവും, പരിശുദ്ധാത്മാവും സാക്ഷ്യപ്പെടുത്തിയ ദൈവരാജ്യപ്രഘോഷണം എന്ന ദൗത്യം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയും ഈ ദൗത്യത്തെ കുറിച്ച് ഓർമ്മപ്പെടുത്തുന്നുണ്ട്. **മാമ്മോദീസാ സ്വീകരിച്ച് ക്രൈസ്തവ സഭയിൽ അംഗങ്ങളായ ഓരോ ക്രൈസ്തവനും ദൈവരാജ്യത്തിന്റെ സന്ദേശങ്ങൾ പ്രഘോഷിക്കാൻ ബാധ്യസ്ഥരാണ്.**

**ദനഹാതിരുന്നാളാകട്ടെ മാമ്മോദീസാ വെള്ളം തലയിൽ വീണ ഓരോ ക്രൈസ്തവനെയും പുതിയൊരു ദൗത്യം ഏൽപ്പിക്കുകയാണ്.**

മാമ്മോദീസാ സ്വീകരിക്കുന്നവരും, അതിനുസാക്ഷികളാകുന്നവരും ഈ ദൗത്യം അനുദിനം ജീവിതത്തിൽ ഏറ്റുപറഞ്ഞുകൊണ്ടിരിക്കുകയാണ്. വായിച്ച ലേഖകനേയും, എഴുതിയ ചരിത്രകാരനെയും മറന്നുപോയ ഒരു കഥ ഓർമ്മ വരുന്നു. **രാജാവ് ജോൺ ഓഫ് ആർക്കിനോട് കലഹിച്ചു. എന്താണ് ദൈവം നിന്നോട് മാത്രം സംസാരിക്കുന്നത്. അവൾ പറഞ്ഞു"ദൈവം താങ്കളോടും സംസാരിക്കുന്നുണ്ട് പക്ഷേ അങ്ങ് കേൾക്കാൻ തയ്യാറാവുന്നില്ല എന്ന് മാത്രം കേൾക്കാൻ തുടങ്ങിയാൽ താങ്കൾക്കു പലതും ഉപേക്ഷിക്കേണ്ടി വരും"**



ദൈവം എന്നും ക്രൈസ്തവരെ ദൗത്യങ്ങൾക്കായി ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. പലരും അത് കേൾക്കുന്നില്ല ശിഷ്യനാവാൻ കൊതിയോടെ കടന്നുവന്ന യുവാവിനെപ്പോലെ 'ഉപേക്ഷ'യ്ക്ക് മടിച്ച് പലരും തിരിഞ്ഞു പോകുന്നു. ക്രിസ്തുവിനെപ്പോലെ ദൈവഹിതത്തിനു വിധേയമായാൽ പലതും മറക്കേണ്ടി വരും, പലതും ത്യജിക്കേണ്ടിവരും കാരണം പ്രഘോഷിക്കുന്ന സുവിശേഷം നേട്ടങ്ങളുടെ വാഗ്ദാനമല്ല അവതരിപ്പിക്കുന്നത് മറിച്ച് ഉപേക്ഷയുടെ പ്രത്യയശാസ്ത്രമാണ്. **ജീവൻ നേടണമെങ്കിൽ ജീവൻ വെടിയണം, രക്ഷ കിട്ടണമെങ്കിൽ എല്ലാം ഉപേക്ഷിക്കണം.**

.

സ്നേഹമുള്ളവരേ, ക്രിസ്തു ഈ ദനഹാതിരുന്നാളിലൂടെ നമ്മോട് ആവശ്യപ്പെടുന്നത് മാമ്മോദീസായിലൂടെ ഓരോ ക്രൈസ്തവനും ഏറ്റെടുത്ത സുവിശേഷ പ്രഘോഷണം എന്ന ദൗത്യം ജീവിതത്തിലൂടെ നിർവ്വഹിക്കാനാണ് 'വചനവ്യാഖ്യാനങ്ങളിലൂടെ' ക്രിസ്തു ഒറ്റികൊടുക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, നമുക്ക്, ജീവന്റെ പ്രഘോഷകരാകാം. നേട്ടങ്ങളിൽ കണ്ണുംനട്ട് ജീവിതത്തിലെ കണക്കുകൂട്ടലുകൾ ക്രമീകരിക്കുന്നവരുടെ മുൻപിൽ നമുക്ക് ലോകത്തിന് ഭോഷത്തമായ സുവിശേഷം പ്രസംഗിക്കാം.

ദനഹാ

**ക്രിസ്തുവിനെപ്പോലെ ദൈവഹിതത്തിനു വിധേയമായാൽ പലതും മറക്കേണ്ടിവരും, പലതും ത്യജിക്കേണ്ടിവരും**

